**മധുരമായ കുട്ടികളേ - വിദേഹിയായി ബാബയെ ഓർമ്മിക്കൂ, സ്വധർമ്മത്തിൽ സ്ഥിതി ചെയ്യൂ എങ്കിൽ ശക്തി ലഭിക്കും, സന്തോഷവും ആരോഗ്യവും ഉണ്ടായിരിക്കും, ബാറ്ററി പൂർണ്ണമായും നിറഞ്ഞുകൊണ്ടിരിക്കും**

**ചോദ്യം:-** ഡ്രാമയുടെ ഏതൊരു ഉള്ളടക്കത്തെ അറിയുന്നത് കാരണത്താലാണ് നിങ്ങൾ കുട്ടികൾ സദാ അചഞ്ചലരായിരിക്കുന്നത്?
**ഉത്തരം:-**നിങ്ങൾക്കറിയാം ഈ ഏതെല്ലാം ബോംബുകളാണോ ഉണ്ടാക്കിയിട്ടുള്ളത്, ഇത് തീർച്ചയായും പ്രയോഗിക്കപ്പെടണം. വിനാശം സംഭവിക്കണം അപ്പോഴാണ് നമ്മുടെ പുതിയ ലോകം വരിക. ഇത് ഡ്രാമയുടെ അനാദിയായ ഉള്ളടക്കമാണ്, എല്ലാവർക്കും തന്നെ മരിക്കണം. നമ്മൾ ഈ പഴയ ശരീരം ഉപേക്ഷിച്ച് രാജധാനിയിൽ ജന്മമെടുക്കുമെന്ന സന്തോഷം നിങ്ങൾക്കുണ്ട്. നിങ്ങൾ ഡ്രാമയെ സാക്ഷിയായി കാണുന്നു, കരയേണ്ട ഒരാവശ്യവുമില്ല.

**ഓം ശാന്തി**. ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു ഈ ഏതൊരു ആദി-സനാതന ദേവതാ ധർമ്മമാണോ ഉണ്ടായിരുന്നത് അതിനെ ഹിന്ദു ധർമ്മത്തിലേക്ക് എന്തുകൊണ്ടാണ് കൊണ്ട് വന്നത്? കാരണം കണ്ടെത്തണം. ആദ്യം ആദി സനാതന ദേവീ-ദേവതാ ധർമ്മം മാത്രമായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് എപ്പോഴാണോ വികാരിയായത് അപ്പോൾ സ്വയത്തെ ദേവതാ എന്ന് പറയാൻ സാധിക്കില്ല. അങ്ങനെ സ്വയത്തെ ആദി സനാതന ദേവീ-ദേവതാ ധർമ്മം എന്നതിന് പകരം ഹിന്ദുവെന്ന് പറഞ്ഞു. ആദി സനാതനമെന്ന അക്ഷരവുമുണ്ട്. കേവലം ദേവതാ എന്നത് മാറ്റി ഹിന്ദു എന്ന് വച്ചിരിക്കുന്നു. ആ സമയം ഇസ്ലാമികൾ വന്നപ്പോഴാണ് പുറമെ നിന്ന് വന്ന അവരാണ് ഹിന്ദു ധർമ്മമെന്ന പേര് വച്ചത്. മുൻപ് ഹിന്ദുസ്ഥാൻ എന്ന പേര് പോലും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ആദി സനാതന ഹിന്ദു ദേവതാ ധർമ്മത്തിലുള്ളവർ തന്നെയാണ് മനസ്സിലാക്കേണ്ടത്. അവർ വിശേഷിച്ചും ധർമ്മാത്മാക്കളായിരിക്കും. എല്ലാവരും സനാതനരല്ല, ആരാണോ പിറകിൽ വന്നത് അവരെ സനാതനരെന്ന് പറയില്ല. ഹിന്ദുക്കളിലും പിറകിൽ വരുന്നവരുണ്ട്. ആദി സനാതന ഹിന്ദുക്കളോട് പറയണം നിങ്ങളുടേത് ആദി സനാതന ദേവതാ ധർമ്മമായിരുന്നു. നിങ്ങൾ തന്നെയായിരുന്നു സതോപ്രധാനരും ആദി സനാതനരുമായിരുന്നത് പിന്നീട് പുനർ-ജന്മങ്ങൾ എടുത്തെടുത്ത് തമോപ്രധാനമായിരിക്കുന്നതാണ്, ഇപ്പോൾ വീണ്ടും ഓർമ്മയുടെ യാത്രയിലൂടെ സതോപ്രധാനമാകൂ. അവർക്ക് ഈ മരുന്ന് നന്നായി തോന്നും. ബാബ സർജനല്ലേ. ആർക്ക് ഈ മരുന്ന് നല്ലതായി തോന്നുന്നോ അവർക്ക് നൽകണം. ആര് ദേവീ-ദേവതാ ധർമ്മത്തിലേതായിരുന്നോ, അവർക്ക് സ്മൃതി നൽകണം. എതുപോലെയാണോ നിങ്ങൾ കുട്ടികൾക്ക് സ്മൃതി വന്നത്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് - എങ്ങനെയാണ് നിങ്ങൾ സതോപ്രധാനത്തിൽ നിന്ന് തമോപ്രധാനമായത്? ഇപ്പോൾ വീണ്ടും തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകണം. നിങ്ങൾ കുട്ടികൾ സതോപ്രധാനമായിക്കൊണ്ടിരിക്കുകയാണ് - ഓർമ്മയുടെ യാത്രയിലൂടെ. ആര് ആദി സനാതന ഹിന്ദുവാണോ അവർ തന്നെയായിരിക്കും യഥാർത്ഥത്തിൽ ദേവതകളായിരുന്നത് അതുപോലെ ദേവതകളെ പൂജിക്കുന്നതും അവർ തന്നെയായിരിക്കും. അതിൽ തന്നെ ആര് ശിവന്റെ അല്ലെങ്കിൽ ലക്ഷ്മീ-നാരായണന്റെ, രാധാ-കൃഷ്ണന്റെ, സീതാ-രാമന്റെ ഭക്തരാണോ, അവർ ദേവതാ കുലത്തിലേതാണ്. ഇപ്പോൾ സ്മൃതി വന്നിരിക്കുന്നു - ആര് സൂര്യവംശികളാണോ അവർ തന്നെയാണ് ചന്ദ്രവംശിയാകുന്നത് അതുകൊണ്ട് ഇങ്ങനെ-ഇങ്ങനെയുള്ള ഭക്തരെ അന്വേഷിക്കണം. മനസ്സിലാക്കാൻ വരുന്ന അവരെക്കൊണ്ട് ഫോം പൂരിപ്പിക്കണം. മുഖ്യ സെന്ററുകളിൽ പൂരിപ്പിക്കുന്നതിനായുള്ള ഫോം തീർച്ചയായും ഉണ്ടായിരിക്കണം. ആര് വന്നാലും അവർക്ക് പാഠം തുടക്കം മുതലേ നൽകും. ആദ്യത്തെ മുഖ്യമായ കാര്യം ആർക്ക് ബാബയെ അറിയില്ലയോ അവർക്ക് മനസ്സിലാക്കി കൊടുക്കണം. നിങ്ങൾക്ക് നിങ്ങളുടെ വലിയ അച്ഛനെ അറിയില്ലേ. നിങ്ങൾ യഥാർത്ഥത്തിൽ പാരലൗകിക പിതാവിന്റേതാണ്. ഇവിടെ വന്ന് ലൗകിക പിതാവിന്റേതായതാണ്. നിങ്ങൾ നിങ്ങളുടെ പാരലൗകിക പിതാവിനെ മറന്ന് പോകുന്നതാണ്. പരിധിയില്ലാത്ത ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. അവിടെ ഈ അനേക ധർമ്മങ്ങൾ ഉണ്ടായിരിക്കില്ല. അപ്പോൾ ഏതൊരു ഫോമാണോ പൂരിപ്പിക്കുന്നത് അതിൽ തന്നെയായിരിക്കണം മുഴുവൻ ആധാരവും. ചില കുട്ടികൾ വളരെ നന്നായി മനസ്സിലാക്കി കൊടുക്കുന്നുണ്ട്, എന്നാൽ യോഗം ഇല്ല. അശരീരിയായിക്കൊണ്ടുള്ള ബാബയുടെ ഓർമ്മ, അതില്ല. ഓർമ്മയിൽ ഇരിക്കാൻ സാധിക്കുന്നില്ല. മനസ്സിലാക്കുന്നുണ്ട്, ഞാൻ നന്നായി മനസ്സിലാക്കി കൊടുക്കുന്നുണ്ട് മ്യൂസിയമെല്ലാം തുറക്കുന്നുണ്ട് എന്നാൽ ഓർമ്മ വളരെ കുറവാണ്. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കണം, ഇതിൽ തന്നെയാണ് പരിശ്രമമുള്ളത്. ബാബ മുന്നറിയിപ്പ് നൽകുകയാണ്.

എനിക്ക് വളരെ നന്നായി ബോധ്യപ്പെടുത്താൻ സാധിക്കും ഇങ്ങനെ മനസ്സിലാക്കരുത്. എന്നാൽ ഇതിലൂടെ എന്ത് നേട്ടമാണുള്ളത്? ശരി, സ്വദർശന ചക്രധാരിയായി മാറി എന്നാൽ ഇതിൽ വിദേഹി ആയാണ് മാറേണ്ടത്. കർമ്മം ചെയ്തുകൊണ്ടും സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കണം. ആത്മാവാണ് ഈ ശരീരത്തിലൂടെ കർത്തവ്യം ചെയ്യുന്നത് – ഇത് ഓർമ്മിക്കാൻ പോലും അറിയുന്നില്ല, ചിന്തയിൽ വരുന്നില്ല, അവരെ ബുദ്ധുവെന്ന് പറയും. ബാബയെ ഓർമ്മിക്കാൻ സാധിക്കുന്നില്ല! സേവനം ചെയ്യുന്നതിനുള്ള ശക്തിയില്ല. ഓർമ്മ കൂടാതെ ആത്മാവിൽ എവിടെ നിന്ന് ശക്തി വരും? എങ്ങനെ ബാറ്ററി നിറയും? പോകെ–പോകെ നിന്ന് പോകും, ശക്തി ഉണ്ടായിരിക്കില്ല.

ധർമ്മമാണ് ശക്തിയെന്ന് പറയാറുണ്ട്. ആത്മാവ് സ്വധർമ്മത്തിൽ ഇരിക്കണം, അപ്പോൾ ശക്തി ലഭിക്കും. ബാബയെ ഓർമ്മിക്കാനാറിയാത്ത ധാരാളം പേരുണ്ട്. മുഖത്തിലൂടെ അറിയാൻ കഴിയും. മറ്റെല്ലാം ഓർമ്മ വരും, ബാബയുടെ ഓർമ്മ നിൽക്കുന്നില്ല. യോഗത്തിലൂടെ മാത്രമാണ് ശക്തി ലഭിക്കുക. ഓർമ്മയിലൂടെ വളരെ സന്തോഷവും ആരോഗ്യവും ഉണ്ടാകും. പിന്നീട് അടുത്ത ജന്മത്തിലും ഇങ്ങനെയുള്ള തേജസ് നിറഞ്ഞ ശരീരം ലഭിക്കും. ആത്മാവ് പവിത്രമാണെങ്കിൽ ശരീരവും പവിത്രമായത് ലഭിക്കും. പറയും ഇത് 24 ക്യാരറ്റ് സ്വർണ്ണമാണ്, അപ്പോൾ ആഭരണവും 24 ക്യാരറ്റായിരിക്കും. ഈ സമയം എല്ലാവരും 9 ക്യാരറ്റായിരിക്കുന്നു. സതോപ്രധാനത്തെ 24 ക്യാരറ്റെന്ന് പറയും, സതോയെ 22, ഇത് വളരെ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ബാബ മനസ്സിലാക്കി തരുന്നു ആദ്യം ഫോം പൂരിപ്പിക്കണം അപ്പോഴാണ് അറിയാൻ സാധിക്കുക, എത്രത്തോളം പ്രതികരിക്കുന്നുണ്ട്? എത്രത്തോളം ധാരണ ചെയ്തിട്ടുണ്ട്? ഓർമ്മയുടെ യാത്രയിൽ എത്രത്തോളം ഇരിക്കുന്നുണ്ട്? ഇതും വരുന്നുണ്ട്. തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകേണ്ടത് ഓർമ്മയുടെ യാത്രയിലൂടെയാണ്. മറ്റെല്ലാം ഭക്തിയുടെ ഭൗതീക യാത്രകളാണ്, ഇതാണ് ആത്മീയ യാത്ര. ആത്മാവ് യാത്ര ചെയ്യുന്നു. അതിൽ ആത്മാവും ശരീരവും രണ്ടും തന്നെ യാത്ര ചെയ്യുന്നു. പതിത–പാവനനായ ബാബയെ ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് ആത്മാവിൽ പ്രകാശം വരുന്നത്. ഏതെങ്കിലും ജിജ്ഞാസുവിനെ ബോധ്യപ്പെടുത്തേണ്ടതായുണ്ടെങ്കിൽ ബാബ പ്രവേശിക്കുകയും ചെയ്യും. മാതാവും–പിതാവും രണ്ട് പേരും തന്നെ സഹായിക്കുന്നു – ചിലയിടത്ത് ജ്ഞാനത്തിന്റെ, ചിലയിടത്ത് യോഗത്തിന്റെ. ബാബ സദാ വിദേഹിയാണ്. ശരീരത്തിന്റെ ബോധം തന്നെയില്ല. അതുകൊണ്ട് ബാബയ്ക്ക് രണ്ട് ശക്തിയുടെയും സഹായം നൽകാൻ സാധിക്കും. യോഗമില്ലെങ്കിൽ ശക്തി എവിടെ നിന്ന് ലഭിക്കും? ഇത് ജ്ഞാനിയാണോ യോഗിയാണോ എന്ന് മനസ്സിലാക്കാൻ സാധിക്കും. യോഗത്തിനായി ദിനം–പ്രതിദിനം പുതിയ–പുതിയ കാര്യങ്ങൾ മനസ്സിലാക്കി തരുന്നു. മുൻപ് ഈ കാര്യങ്ങൾ തീർത്തും മനസ്സിലാക്കി തന്നിരുന്നില്ല. സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഇപ്പോൾ ബാബ ശക്തിയോടെ എടുക്കുന്നു, അതിലൂടെ സഹോദരീ–സഹോദരന്റെ സംബന്ധം പോലും ഇല്ലാതാകണം, കേവലം സഹോദര–സഹോദര ദൃഷ്ടിയാകണം. നമ്മൾ ആത്മാവ് സഹദര–സഹോദരങ്ങളാണ്. ഇത് വളരെ ഉയർന്ന ദൃഷ്ടിയാണ്. അവസാനം വരേയ്ക്കും ഈ പുരുഷാർത്ഥം നടക്കണം. എപ്പോൾ സതോപ്രധാനമാകുന്നോ അപ്പോൾ ഈ ശരീരം ഉപേക്ഷിക്കും അതുകൊണ്ട് എത്രത്തോളം സാധിക്കുമോ പുരുഷാർത്ഥത്തെ മുന്നോട്ട് നയിക്കണം. വൃദ്ധർക്ക് കൂടുതൽ സഹജമാണ്. ഇപ്പോൾ നമുക്ക് തീർച്ചയായും തിരിച്ച് പോകണം. യുവാക്കൾക്ക് ഒരിക്കലും ഇങ്ങനെയുള്ള ചിന്ത വരില്ല. വൃദ്ധൻമാർ വാനപ്രസ്ഥികളായിരിക്കും. ഇപ്പോൾ തിരിച്ച് പോകണമെന്ന് മനസ്സിലാക്കുന്നു. അതുകെണ്ട് ജ്ഞാനത്തിന്റെ ഈ എല്ലാ കാര്യങ്ങളും മനസ്സിലാക്കണം. വൃക്ഷത്തിന്റെ അഭിവൃദ്ധിയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അഭിവൃദ്ധി സംഭവിച്ച്–സംഭവിച്ച് മുഴുവൻ വൃക്ഷവും തയ്യാറാകും. മുള്ളുകളെ പരിവർത്തനപ്പെടുത്തി പുതിയ ചെറിയ പൂക്കളുടെ വൃക്ഷമാക്കണം. പുതിയതായി പിന്നീട് പഴയതാകണം. ആദ്യം വൃക്ഷം ചെറുതായിരിക്കും പിന്നീട് വളർന്നുകൊണ്ടിരിക്കും. വൃദ്ധി സംഭവിച്ച്–സംഭവിച്ച് അവസാനം മുള്ളായി മാറുന്നു. ആദ്യമുള്ളത് പൂക്കളാണ്. പേര് തന്നെ സ്വർഗ്ഗം എന്നാണ്. പിന്നീട് കുറേക്കഴിയുമ്പോൾ ആ സുഗന്ധവും, ശക്തിയും ഒന്നും ഉണ്ടായിരിക്കില്ല. മുള്ളിൽ സുഗന്ധമുണ്ടായിരിക്കില്ല. പേരിനുള്ള പുഷ്പങ്ങളിലും സുഗന്ധം ഉണ്ടായിരിക്കില്ല. ബാബ പൂന്തോട്ടക്കാരനുമാണ്, തോണിക്കാരനുമാണ്, എല്ലാവരുടെയും തോണി അക്കര എത്തിക്കുന്നു. എങ്ങനെയാണ് തോണി അക്കരെയെത്തിക്കുന്നത്, എവിടേക്കാണ് കൊണ്ടുപോകുന്നത് – ഇതും വിവേകശാലികളായ കുട്ടികൾ ആരാണോ അവർക്ക് മനസ്സിലാക്കാൻ സാധിക്കും. ആര് മനസ്സിലാക്കുന്നില്ലയോ, അവർ പുരുഷാർത്ഥവും ചെയ്യില്ല. തീർച്ചയായും സംഖ്യാക്രമം ഉണ്ടായിരിക്കില്ലേ. ചില–ചില വിമാനങ്ങൾ ശബ്ദത്തേക്കാളും വേഗത്തിൽ പോകുന്നുണ്ട്. ആത്മാവ് എങ്ങനെയാണ് പോകുന്നത് – ഇതും ആർക്കും അറിയില്ല. ആത്മാവ് റോക്കറ്റിനേക്കാളും വേഗത്തിൽ പോകുന്നതാണ്. ആത്മാവിനെക്കാളും വേഗതയുള്ള മറ്റൊരു വസ്തു ഉണ്ടായിരിക്കില്ല. ആ റോക്കറ്റുകളിൽ പെട്ടന്ന് പറത്താൻ സാധിക്കുന്ന വസ്തുക്കളാണ് ഉപയോഗിക്കുന്നത്. വിനാശത്തിന് വേണ്ടി എത്ര ബോംബ് മുതലായവയാണ് തയ്യാറാക്കുന്നത്. കപ്പലിലും, വിമാനത്തിലും ബോംബ്

കൊണ്ടുപോകുന്നുണ്ട്. ഇന്നത്തെ സമയത്ത് പൂർണ്ണ തയ്യാറെടുപ്പോടെയാണ് ഇരിക്കുന്നത്. പത്രങ്ങളിൽ എഴുതാറുണ്ട്, ബോംബ് പ്രയോഗിക്കില്ല എന്ന് ഉറപ്പ് തരാൻ സാധിക്കില്ല. ഒരുപക്ഷേ ബോംബ് പ്രയോഗിച്ചേക്കാം - ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നു. ഈ എല്ലാ തയ്യാറെടുപ്പുകളും നടന്നുകൊണ്ടിരിക്കുന്നു. വിനാശം തീർച്ചയായും സംഭവിക്കണം. ബോംബ് പൊട്ടിക്കാതിരിക്കുക, വിനാശം ഉണ്ടാകാതിരിക്കുക - ഇത് സാധ്യമല്ല. നിങ്ങൾക്ക് തീർച്ചയായും പുതിയ ലോകം ആവശ്യമാണ്. ഇത് ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്, അതുകൊണ്ട് നിങ്ങൾക്ക് വളരെ സന്തോഷമുണ്ടായിരിക്കണം. വേട്ട മൃഗത്തിന് മരണ വെപ്രാളം വേട്ടക്കാരന് ആനന്ദം.... ഡ്രാമയനുസരിച്ച് എല്ലാവർക്കും മരിക്കുക തന്നെ വേണം. നിങ്ങൾ കുട്ടികൾക്ക് ഡ്രാമയുടെ ജ്ഞാനമുള്ളത് കാരണം ഇളകുന്നില്ല. സാക്ഷിയായി കാണുന്നു. കരയേണ്ടതിന്റെ ആവശ്യമില്ല. സമയമാകുപോൾ ശരീരം ഉപേക്ഷിക്കുക തന്നെ വേണം. നമ്മൾ അടുത്ത ജന്മം രാജധാനിയിൽ എടുക്കുമെന്ന് നിങ്ങളുടെ ആത്മാവിനറിയാം. ഞാൻ രാജകുമാരനാകും. ആത്മാവിനറിയാം അപ്പോഴാണ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നത്. സർപ്പത്തിലും ആത്മാവില്ലേ. പറയും ഞാൻ ഒരു തോലുപേക്ഷിച്ച് അടുത്തതെടുക്കുന്നു. ഒരിക്കൽ അതും ശരീരം ഉപേക്ഷിക്കും, വീണ്ടും കുട്ടിയാകും. കുട്ടികൾ ജന്മമെടുക്കാറില്ലേ. പുനർജന്മം എല്ലാവർക്കുമെടുക്കണം. ഇതെല്ലാം വിചാര സാഗര മഥനം ചെയ്യേണ്ടതായുണ്ട്.

ഏറ്റവും മുഖ്യമായ കാര്യമാണ് വളരെ സ്നേഹത്തോടെ ബാബയെ ഓർമ്മിക്കുക. ഏതുപോലെയാണോ കുട്ടികൾ മാതാ-പിതാക്കളിൽ തീർത്തും ആകർഷിതരാകുന്നത്, അതുപോലെ വളരെ സ്നേഹത്തോടെ ബുദ്ധിയോഗം വഴി തീർത്തും ബാബയിൽ ഒട്ടിച്ചേരണം. ഞാൻ എത്രത്തോളം ധാരണ ചെയ്തുകൊണ്ടിരിക്കുന്നുണ്ട് എന്ന് സ്വയത്തെ നോക്കുകയും വേണം. (നാരദന്റെ ഉദാഹരണം) ഭക്തൻ ഏതുവരെ ജ്ഞാനമെടുക്കുന്നില്ലയോ അതുവരെ ദേവതയാകാൻ സാധിക്കില്ല. ഇത് കേവലം ലക്ഷ്മിയെ വരിക്കുന്നതിന്റെ കാര്യമല്ല. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. എപ്പോൾ നമ്മൾ സതോപ്രധാനമായിരുന്നോ അപ്പോൾ വിശ്വത്തിൽ രാജ്യം ഭരിച്ചിരുന്നുവെന്ന് നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. ഇപ്പോൾ വീണ്ടും സതോപ്രധാനമാകുന്നതിന് വേണ്ടി  ബാബയെ ഓർമ്മിക്കണം. ഈ പരിശ്രമം കൽപ-കൽപം നിങ്ങൾ യഥാ യോഗവും യഥാ ശക്തിയുമനുസരിച്ച് ചെയ്തു തന്നെയാണ് വന്നത്. ഓരോരുത്തർക്കും മനസ്സിലാക്കാൻ സാധിക്കും എനിക്ക് എത്രത്തോളം മറ്റൊരാൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നുണ്ട്? ദേഹ-അഭിമാനത്തിൽ നിന്ന് എത്രത്തോളം ഞാൻ മുക്തമായിക്കൊണ്ടിരിക്കുന്നുണ്ട്? ഞാൻ ആത്മാവ് ഒരു ശരീരമുപേക്ഷിച്ച് അടുത്തതെടുക്കുന്നു. ഞാൻ ആത്മാവ് ഇത് ഉപയോഗിക്കുകയാണ്, ഇതെന്റെ അവയവങ്ങളാണ്. നമ്മൾ എല്ലാവരും അഭിനേതാക്കളാണ്. ഈ ഡ്രാമയിൽ ഇത് പരിധിയില്ലാത്ത വലിയ നാടകമാണ്. ഇതിൽ സംഖ്യാക്രമത്തിൽ എല്ലാവരും അഭിനേതാക്കളാണ്. നമുക്ക് മനസ്സിലാക്കാൻ സാധിക്കും - ഇതിൽ ആര്-ആരെല്ലാമാണ് മുഖ്യ അഭിനേതാക്കൾ. ഫസ്റ്റ്, സെക്കന്റ്, തേഡ് ഗ്രേഡിൽ ആരാരെല്ലാമാണ്? നിങ്ങൾ കുട്ടികൾ ബാബയിലൂടെ ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിഞ്ഞിരിക്കുന്നു. രചയിതാവിലൂടെ രചനയുടെ ജ്ഞാനം ലഭിക്കുന്നു. രചയിതാവ് തന്നെയാണ് വന്ന് തന്റെയും രചനയുടെയും രഹസ്യം മനസ്സിലാക്കി തരുന്നത്. ഇത് (ബ്രഹ്മാവ്) ബാബയുടെ രഥമാണ്, ഇതിൽ പ്രവേശിച്ചാണ് വന്നിരിക്കുന്നത്. അതുകൊണ്ട് രണ്ട് ആത്മാക്കളുണ്ടെന്ന് പറയും. ഇതും സ്വാഭാവികമായ കാര്യമാണ്. പിതൃക്കളെ ഊട്ടുമ്പോൾ ആത്മാവ് വരുന്നില്ലേ. മുൻപെല്ലാം വളരെയധികം വന്നിരുന്നു, അവരോട് ചോദിക്കുമായിരുന്നു. ഇപ്പോൾ തമോപ്രധാനമായിരിക്കുന്നു. ചില-ചിലർ ഇപ്പോഴും പറയുന്നുണ്ട് - ഞാൻ മുൻപത്തെ ജന്മത്തിൽ ഇന്ന ആളായിരുന്നു. ഭാവിയെക്കുറിച്ച് ആരും പറയാറില്ല. കഴിഞ്ഞ് പോയതിനെക്കുറിച്ച് കേൾപ്പിക്കുന്നു. എല്ലാവരിലും ആരും വിശ്വസിക്കുന്നില്ല.

ബാബ പറയുന്നു - മധുരമായ കുട്ടികളേ, ഇപ്പോൾ നിങ്ങൾക്ക് ശാന്തമായി കഴിയണം. നിങ്ങൾ എത്രത്തോളം ജ്ഞാന-യോഗത്തിൽ ശക്തരാകുന്നോ പിന്നീട് ഉറച്ചവരാകും. ഇപ്പോൾ ധാരാളം കുട്ടികൾ പാകമാകാത്തവരാണ്. ഭാരതവാസി ദേവീ-ദേവതകൾ എത്ര ഉറച്ചവരായിരുന്നു. ധനം കൊണ്ടും നിറഞ്ഞവരായിരുന്നു. ഇപ്പോൾ കാലിയാണ്. അവർ സ്വയം പര്യാപ്തർ, നിങ്ങൾ നിരാലംബർ. നിങ്ങൾക്ക് സ്വയം തന്നെ അറിയാം ഭാരതം എന്തായിരുന്നു, ഇപ്പോൾ എന്താണ്. വിശന്ന് മരിക്കേണ്ടി തന്നെ വരും. ധാന്യവും വെള്ളവും ഒന്നും തന്നെ ലഭിക്കില്ല. ചിലയിടത്ത് വെള്ളപ്പൊക്കമുണ്ടായിക്കൊണ്ടിരിക്കും, ചിലയിടത്ത് വെള്ളത്തിന്റെ തുള്ളി പോലും ഉണ്ടായിരിക്കില്ല. ഈ സമയം ദുഃഖത്തിന്റെ മേഘങ്ങളാണ്, സത്യയുഗത്തിൽ സുഖത്തിന്റെ മേഘങ്ങളാണ്. ഈ കളിയെ നിങ്ങൾ കുട്ടികൾ മാത്രമാണ് മനസ്സിലാക്കിയിട്ടുള്ളത് മറ്റാർക്കും തന്നെ അറിയില്ല. ബാഡ്ജ് ഉപയോഗിച്ച് മനസ്സിലാക്കി കൊടുക്കുന്നതും വളരെ നല്ലതാണ്. അത് ലൗകിക പരിധിയിയുള്ള പിതാവ്, ഇതാണ് പാരലൗകിക പരിധിയില്ലാത്ത പിതാവ്. ഈ പിതാവ് ഒരേഒരു പ്രാവശ്യം സംഗമത്തിലാണ് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നത്. പുതിയ ലോകമായി

തീരുന്നു. ഇത് ഇരുമ്പ് യുഗമാണ് വീണ്ടും തീർച്ചയായും സ്വർണ്ണിമയുഗമാകണം. നിങ്ങൾ ഇപ്പോൾ സംഗമത്തിലാണ്. ഹൃദയം ശുദ്ധമാണെങ്കിൽ പ്രഭു സംപ്രീതനാണ്. ദിവസവും തന്നോട് ചോദിക്കൂ – മോശമായ കർമ്മമൊന്നും ചെയ്തില്ലല്ലോ? ആരെപ്രതിയും ഉള്ളിൽ വികാരി ചിന്തയൊന്നും വന്നില്ലല്ലോ? തന്റെ ലഹരിയിലാണോ കഴിഞ്ഞത് അതോ വ്യർത്ഥ ചിന്തനത്തിൽ സമയം പാഴാക്കിയോ? ബാബയുടെ ആജ്ഞയാണ് – എന്നെ മാത്രം ഓർമ്മിക്കൂ. അഥവാ ഓർമ്മിക്കുനില്ലെങ്കിൽ ആജ്ഞാലംഘകരായി തീരും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ജ്ഞാന-യോഗത്തിന്റെ ലഹരിയിൽ കഴിയണം, മനസ്സ് ശുദ്ധമാക്കി വയ്ക്കണം. വ്യർത്ഥ ചിന്തനത്തിൽ തന്റെ സമയം പാഴാക്കരുത്.

2) നമ്മൾ ആത്മാക്കൾ സഹോദര-സഹോദരന്മാരാണ്, ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകണം – ഈ അഭ്യാസം ഉറച്ചതാക്കണം. വിദേഹിയായി സ്വധർമ്മത്തിലിരുന്ന് ബാബയെ ഓർമ്മിക്കണം.

## വരദാനം:- സ്വ സ്വരൂപത്തിന്റേയും ബാബയുടെ സത്യ സ്വരൂപത്തേയും തിരിച്ചറിഞ്ഞ് സത്യതയുടെ ശക്തി ധാരണ ചെയ്യുന്ന ദിവ്യതാ സമ്പന്നരായി ഭവിക്കൂ

ഏത് കുട്ടികളാണോ തന്റെ സ്വ സ്വരൂപത്തെ അല്ലെങ്കിൽ ബാബയുടെ സത്യ പരിചയത്തെ യഥാർത്ഥത്തിൽ അറിയുന്നത് ഒപ്പം ആ സ്വരൂപത്തിന്റെ സ്മൃതിയിൽ കഴിയുന്നത് അപ്പോൾ അവരിൽ സത്യതയുടെ ശക്തി വരുന്നു. അവരുടെ ഓരോ സങ്കൽപവും സദാ സത്യത അല്ലെങ്കിൽ ദിവ്യതാ സമ്പന്നമായിരിക്കും. സങ്കൽപം, വാക്ക്, കർമ്മം, സംബന്ധ സമ്പർക്കം സർവ്വതിലും ദിവ്യതയുടെ അനുഭൂതി ഉണ്ടായിരിക്കും. സത്യതയെ തെളിയിക്കുന്നതിന്റെ ആവശ്യകതയില്ല. അഥവാ സത്യതയുടെ ശക്തിയുണ്ടെങ്കിൽ സന്തോഷത്തിൽ നൃത്തം ചെയ്തുകൊണ്ടിരിക്കും.

## സ്ലോഗൻ:- സാകാശ് നൽകുന്നതിന്റെ സേവനം ചെയ്യൂ എങ്കിൽ സമസ്യകൾ സഹജ മായി തന്നെ ഓടിപ്പോകും.